(സി) ഇതിൽ സർക്കാർ അനുമതിയോടെ നികത്തിയത് എത്ര ഹെക്ടർ ആണ് ; അനുമതിയില്ലാതെ നികത്തിയത് എത്രയാണ് ;

(ഡി) നെൽപ്പാടം നികത്തലുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഇ) നെൽപ്പാടം നികത്തുന്നത് തടയുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ—ഇ) എന്നിവയുടെ വിവരം ശേഖരിച്ചുവരുന്നു.

തൊടിയൂർ തഴവ പാടശേഖരത്തിന്റെ അടിസ്ഥാന വികസനം

44 [982] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ തൊടിയൂർ തഴവ പാടശേഖരത്തിന്റെ അടിസ്ഥാന വികസനത്തിനായി 2004-ൽ എത്ര തുക അനുവദിച്ചിരുന്നു ;

(ബി) ഈ തുക വിനിയോഗിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) തൊടിയൂർ തഴവ പാടശേഖരത്തിന്റെ അടിസ്ഥാന വികസനത്തിനായി 2004-ൽ തുക ഒന്നും അനുവദിച്ചിട്ടില്ല.

(സി) 7.50 കോടി രൂപ അടങ്കൽ തുക വരുന്ന ലാന്റ് റിക്ലമേഷൻ ആന്റ് സലനിറ്റി കൺട്രോൾ ഇൻ കോസ്റ്റൽ ട്രാക്ട്സ് ഓഫ് ആലപ്പുഴ, കൊല്ലം എന്ന പദ്ധതി തയ്യാറാക്കി നബാർഡിന്റെ പരിഗണനയ്ക്കായി കെ.എൽ.ഡി.സി. 2004-ൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 140 ലക്ഷം രൂപ തൊടിയൂർ തഴവ വട്ടക്കായലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നബാർഡിന്റെ സൂക്ഷ്മ പരിശോധനയിലാണ്.

കാർഷിക വിളകൾക്കുണ്ടായ വിലയിടിവ്

45 [T983] ശ്രീ. എ. സി. ഷണ്മുഖദാസ് :
„ സി. കെ. നാണു :
„ കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിലെ മൻമോഹൻസിംഗ് സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിദേശ രാജ്യങ്ങളുമായി ഉണ്ടാക്കിയ വിവിധ കരാറുകൾമൂലം സംസ്ഥാനത്തെ കാർഷിക വിളവുകൾക്ക് ഉണ്ടായ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

'T' ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly